പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2105

17.06.2014- ൽ മറുപടിക്ക്

**വായ്പ നൽകുവാൻ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി.പി. മുഹമ്മദ് :** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാർ, ചെറുകിട ഇടത്തരം വ്യാപാരികൾ ചെറുകട വ്യവസായികൾ എന്നിവർക്ക് വായ്പ നൽകുമ്പോൾ സഹകരണ വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുള്ള ഉപനിബന്ധനകൾക്ക് വിരുദ്ധമായി ബ്ലാങ്ക് ചെക്ക് ലീഫുകൾ ഒപ്പിട്ടു വാങ്ങിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചിലസഹകരണ സംഘങ്ങളിൽ അപ്രകാരം ബ്ലാങ്ക് ചെക്ക് ലീഫുകൾ ഒപ്പിട്ടു വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സംഘങ്ങളിൽനിന്നും വായ്പ കൈപ്പറ്റുകയും എന്തെങ്കിലും കാരണവശാൽ അടയ്ക്കാൻ വീഴ്ചവരുത്തുകയും ചെയ്യുന്നവർക്കെതിരെ നിയമവും ചട്ടവും അനുശാസിക്കുന്ന റിക്കവറി നടപടി സ്വീകരിക്കുന്നതിനുപകരം ഇവരറിയാതെ ഇവരുടെ ബ്ലാങ്ക് ചെക്കുകളിൽ തുകയെഴുതി ബാങ്കുകളക്ഷനയച്ച് വണ്ടിച്ചെക്കാക്കി ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്യുന്ന സഹകരണ സംഘം ചീഫ് എക്സിക്യൂട്ടീവ്സിനെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ; | (ബി) | ഇത്തരത്തിൽ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) സാധാരണക്കാരിൽനിന്നും ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര അന്വേഷണം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം സംഘങ്ങൾക്ക് നൽകുമോ? | (സി) | പരാതികൾ ലഭിച്ചാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ പൊതു നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.